കേരള സർക്കാർ

# മുടക്കുഴ ഗ്രാമപഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി2)2245/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 10.01.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുടക്കുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുടക്കുഴ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി.2)2245/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in
തീയതി : 10.01.2017

# എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ഡി.സുരേഷ് രാജു, ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.12.2016 മുതൽ 30.12.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ജലജ എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഗോപകുമാർ.എം.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷൈബി ഇ.ഡി.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ടി എ സുനമോൾ | 01.04.2015മുതൽ29.11.2015വരെ |
| | ഷൈമി വർഗ്ഗീസ് | 30.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ബി സുധീർ | 01.04.2015മുതൽ03.05.2015വരെ |
| | രമേഷ് കെ എൻ, അസി. സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 04.05.2015മുതൽ30.05.2015വരെ |
| | ബി സുധീർ | 31.05.2015മുതൽ23.07.2015വരെ |
| | രാജൻ ബി മേനോൻ | 23.07.2015മുതൽ25.07.2015വരെ |
| | ബി സുധീർ | 25.07.2015മുതൽ20.12.2015വരെ |
| | രമേഷ് കെ എൻ, അസി. സെക്രട്ടറി (സെക്രട്ടറി-ഇൻ-ചാർജ്ജ്) | 21.12.2015മുതൽ18.01.2016വരെ |
| | ബി സുധീർ | 19.01.2016മുതൽ31.03..2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | കെ എൻ രമേഷ് | 01.04.2015മുതൽ31.03.2016വരെ |
| വി.ഇ.ഒ. | രശ്മി.എൻ.നമ്പൂതിരി | 01.04.2015മുതൽ31.03.2016വരെ |
| കൃഷി ഓഫീസർ | ബി ആർ ശ്രീലേഖ | 01.04.2015മുതൽ25.05.2015വരെ |
| | കെ ആർ ചന്ദ്രബിന്ദു | 25.05.2015മുതൽ31.03.2016വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | റഷീദ്.വി.എ. | 01.04.2015മുതൽ23.08.2015വരെ |
| | വൽസ.പി.എം. | 24.08.2015മുതൽ31.03.2016വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ജോർജ്ജ് ജോസഫ് | 01.04.2015മുതൽ28.05.2015വരെ |
| | ഗേളി മേരി ജോർജ്ജ് | 29.05.2015മുതൽ31.03.2016വരെ |
| മെഡിക്കൽ ഓഫീസർ(PHC) | രജിക കുട്ടപ്പൻ | 01.04.2015മുതൽ31.03.2016വരെ |
| വെറ്ററിനറി സർജൻ | ഡോ.ആശാലത (വെറ്ററിനറി ഓഫീസ്,കൊമ്പനാട്) | 01.04.2015മുതൽ31.03.2016വരെ |
| | ഡോ.ബബിത മാത്യു.സി (വെറ്ററിനറി ഡിസ്പെൻസറി, മഞ്ഞപ്പെട്ടി) | 01.04.2015 മുതൽ 18.09.2015FN വരെ |
| | ഡോ.പ്രസന്ന. കെ. (വെറ്ററിനറി ഡിസ്പെൻസറി, തുരുത്തി) | 18.09.2015AN മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ലത പി കെ | 01.04.2015മുതൽ31.03.2016വരെ |

| | | |
|---|---|---|
| ചീഫ് മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. റഹിം | 01.04.2015മുതൽ31.03.2016വരെ |
| എച്ച്.എം ഗവ.എൽപി.എസ്. | സി. എ. ഓമന | 01.04.2015മുതൽ31.03.2016വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഫ്രാൻസിസ് ജോർജ്ജ് | 01.04.2015മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ. | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം - 2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം 600/- രൂപ | 2-1 |
| | ഭാഗം - 3 | |
| 14 | ഇ.എം.എസ്.ഭവനപദ്ധതി - പാതിവഴിയിൽ | 3-1 |
| 15 | തെരുവ് വിളക്ക് എ.എം.സി. പ്രൊജക്ട് ഉപകരണങ്ങൾ വാങ്ങുന്നതിൽ പരിമിതപ്പെടുത്തി. | 3-2 |
| 16 | തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 3-3 |
| 17 | കരാറുകാരന്, ആദ്യബില്ലിലെ പേയ്മെന്റ് കൺവീനർ എന്ന നിലയിൽ നല്കി | 3-4 |
| 18 | ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ - അപാകതകൾ | 3-5 |
| 19 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3-6 |
| | ഭാഗം – 4 | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 21 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 25 | ഓഡിറ്റ് റിക്കവറി | 4-6 |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2015-16) | അനുബന്ധം1 |
| 30 | ബാലൻസ് ഷീറ്റ് (2015-16) | അനുബന്ധം2 |
| 31 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2015-16) | അനുബന്ധം3 |
| 32 | ഇൻകം ആൻഡ് എക്സ്പെന്റിച്ചർ (2015-16) | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16ലെ ബജറ്റ് 25.03.2015ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 10,98,74,560 | 3,70,78,902 | 7,27,95,658 | 66.25% |
| ചെലവ് | 11,20,23,160 | 4,30,02,854 | 6,90,20,306 | 61.61% |

പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിൽ 60%-ൽ അധികമാണ് വ്യത്യാസം. സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വരവ്-ചെലവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവും ഉൾപ്പെടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിത വരവ്-ചെലവ് കണക്കാക്കുന്നത്. എന്നാൽ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.ടി.(ഡയരക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) പ്രകാരവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ ആയവയുടെ കണക്കുകൾ യഥാർത്ഥ വരവ്-ചെലവ് കണക്കാക്കുമ്പോൾ വാർഷിക ധനകാര്യ പത്രികയുടെ ഭാഗമായി വരുന്നില്ല. പ്രതീക്ഷിത വരവ്-ചെലവും, യഥാർത്ഥ വരവ്-ചെലവും തമ്മിലുള്ള ഗണ്യമായ വ്യത്യാസത്തിന് ഒരു കാരണം ഇതാണ്. ഇവിടെ സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി എന്നിവയുടെ ആകെ വരവ് ചെലവ് 3 കോടി രൂപയാണ്. ഇത് കിഴിച്ചാൽപ്പോലും, 4 കോടിയോളം രൂപയുടെ വ്യത്യാസം കാണുന്നുണ്ട്. ബജറ്റ് യഥാർത്ഥ വരവ്-ചെലവുകളുടെ ഒരു പരിച്ഛേദമായിരിക്കണമെന്ന തത്വം പ്രായോഗികമാക്കാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ചതീയതി |
|---|---|---|---|
| 31/07/2016 | 30.06.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം.

കണക്കുകൾ പരിശോധിച്ചു, അപാകതകളില്ല. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 1,46,75,679 |
| വരവ് | 3,70,78,902 |
| ആകെ | 5,17,54,581 |
| ചെലവ് | 4,30,02,854 |
| നീക്കിബാക്കി | 87,51,727 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് വരവ് | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1958349 | 683440 | 4724820 | 7366609 | 7366609 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 952726 | 0 | 3233099 | 4185825 | 3985825 | 200000 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 0 | 2,000 | 2,000 | 2,000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 791535 | 0 | 11469560 | 12261095 | 12261095 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 120556 | 0 | 2259602 | 2380158 | 2380158 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 145611 | 0 | 2706465 | 2852076 | 2775024 | 77052 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ലോക ബാങ്ക് സഹായം | 1887000 | 0 | 0 | 1887000 | 1480612 | 406388 | 0 |
| MG NREGS | 0 | 8036256 | 546443 | 8582699 | 8036256 | 544092 | 2351 |
| ബി ഫണ്ട് | 0 | 0 | 21684340 | 21684340 | 21684340 | 0 | 0 |

1. 11.12.2015-ൽ എസ്.സി.പി, ധനകാര്യകമ്മീഷൻ അവാർഡ്, ലോകബാങ്ക് വിഹിതം എന്നീ ഇനങ്ങളിൽ ബാക്കി നിന്നിരുന്ന യഥാക്രമം 2,00,000/-, 77,052/-, 4,06,388/- എന്നിവയുടെ ആകെ തുകയായ 6,83,440/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. 31.03.2016-ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിയിരിപ്പ് ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

2. MGNRES-ന്റെ 2015-16 വർഷത്തെ EFMS ഒഴിച്ചുള്ള വരവ് 546443/- രൂപയും,ചെലവ് 544092/- രൂപയും ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെ RP-16 ഷെഡ്യൂളിൽ ഈയിനത്തിൽ 544057/- രൂപയാണ് ചെലവ് കാണിച്ചിരിക്കുന്നത്. 35/- രൂപ വ്യത്യാസമുണ്ട്. ഈ വ്യത്യാസത്തിന് കാരണം MGNRES അക്കൗണ്ടിൽ ബാങ്ക് ചാർജ്ജിനത്തിൽ 35/- രൂപ ചെലവ് വന്നത് RP-14 ഷെഡ്യൂളിൽ ഇന്ററസ്റ്റ് & ഫിനാൻഷ്യൽ ചെലവുകൾ എന്ന ഇനത്തിൽ ചേർത്തതു കൊണ്ടാണ്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 141 | 4,61,07,309 | 103 | 3,40,73,184 | 36 | 2 | 73.90% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1. മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ - ജില്ലാ പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിന്റെ വിഹിതം
2. വാട്ടർ റിച്ച് പ്രോഗ്രാം -ജില്ലാ പഞ്ചായത്തിന് ഗ്രാമപഞ്ചായത്തിന്റെ വിഹിതം

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 4.99%ശതമാനം കുറവാണുണ്ടായിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 46,01,541 | 43,34,074 | (-)2,67,467 | (-)5.81% |
| നികുതിയേതര വരവുകൾ | 6,06,958 | 5,76,919 | (-)30,039 | (-)4.95% |
| മറ്റുവരവുകൾ | 1,73,441 | 2,02,425 | (+)28,984 | (+)16.71% |

| ആകെ | 53,81,940 | 51,13,418 | (-)2,68,522 | (-)4.99% |
|---|---|---|---|---|

പഞ്ചായത്തിന്റെ മൊത്തം തനത് വരുമാനത്തിൽ 4.99% കുറവ് കാണിക്കുന്നതിന് കാരണം നികുതിയേതര വരുമാനത്തിൻ കുറവ് വന്നത് കൊണ്ടാണ് എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പൊതുവെ തനത് വരുമാനം കുറവായ മുടക്കുഴ ഗ്രാമപഞ്ചായത്തിൽ വരും വർഷങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൽ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 60,480 | 9 |
| കർഷകതൊഴിലാളി പെൻഷൻ | 49,21,890 | 520 |
| വിധവാപെൻഷൻ | 74,03,240 | 667 |
| വാർദ്ധക്യകാലപെൻഷൻ | 62,72,070 | 695 |
| വികലാംഗപെൻഷൻ | 23,93,520 | 224 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 4,15,800 | 37 |
| വിവാഹ ധനസഹായം | 60,000 | 2 |

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി.(ഡയരക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ) വഴിയാണ് നല്കിവരുന്നത്.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം.

1. മുടക്കുഴ പഞ്ചായത്തിലെ രജിസ്റ്ററുകളും രേഖകളും ശരിയായ രീതിയിൽ തന്നെ എഴുതി സൂക്ഷിച്ചു പോരുന്നുണ്ട്. വൗച്ചറുകൾ ബൈൻഡ് ചെയ്ത് ഭംഗിയായി സൂക്ഷിച്ചു പോരുന്നു. മിനിറ്റ്സ് ബുക്കുകളിൽ യോഗ നടപടികൾ രേഖപ്പെടുത്തി മിനിറ്റ്സ് ക്ലോസ് ചെയ്ത് സൂക്ഷിക്കുന്നുണ്ട്.

2. കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്ററിൽ 2015-16 വ്രഷത്തെ ചില കെട്ടിടങ്ങളുടെ വിസ്തീർണ്ണം ചേർക്കാൻ വിട്ടു പോയത് പൂർത്തിയാക്കി സൂക്ഷിക്കേണ്ടതാണ്. കണ്ടിജന്റ് ചെലവുകളുടെ രജിസ്റ്ററും കാലികമാക്കേണ്ടതാണ്.

3. ഗ്രാമപഞ്ചായത്തിന്റെ വാഹനത്തിന്റെ ലോഗ് ബുക്കിൽ ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരം ചേർക്കുന്നതായി കാണുന്നില്ല. വാഹന ഉപയോഗത്തിൽ 30.06.2007-ലെ ജി.ഒ(എം.എസ്) 170/07/ത.സ്വ.ഭ.വ ഉത്തരവിൽ നിഷ്ക്കർഷിച്ചിരിക്കുന്ന നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.12.2016ന് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,533/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത

ബോദ്ധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ടവരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 479 | 0 | 1606 | 2085 | 1111 | 1111 | 12892 | 0 | 30679 | 43571 | 102 |

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 0 |
| തൻവർഷ വരവ് | EFMS | 80,36,256 | 85,82,699 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 5,46,443 | |
| തൻവർഷ ചെലവ് | EFMS | 80,36,256 | 85,80,348 |
| | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | 5,44,092 | |
| നീക്കിയിരിപ്പ് | | | 2351 |

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 237 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 216 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.11.2016മുതൽ 08.11.2016 വരെ | 2016 ഒക്ടോബർ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.04.2015 മുതൽ 22.04.2015 വരെ | 2010-11മുതൽ 2014-15 വരെ | 19.06.2015 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം ₹.600/-

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204,1996 ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 314 എന്നിവയ്ക്ക് വിരുദ്ധമായി പഞ്ചായത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾ 2015-16 വർഷത്തെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| നം. | പേര് | വാർഡ് / | സ്ഥാപനം | നികുതി(₹) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | കെട്ടിട നം. | | |
| 1 | ആശാ ഷൺമുഖൻ,കിഴക്കാപ്പുറം | VII 268 D | ഫെമിനി തയ്യൽ കട | 360/- |
| 2 | പി.ആർ.സനൽ,പനമ്പിള്ളി | VII 424,425 | രാസ വളം, കീടനാശിനി വ്യാപാരം | 240/- |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ടി സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി അടക്കുന്നതിനുള്ള നോട്ടീസ് നൽകിയതായി പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ആയത് അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഇ.എം.എസ്.ഭവനപദ്ധതി - പാതിവഴിയിൽ.

മുൻവർഷങ്ങളിൽ ആരംഭിച്ച ഇ.എം .എസ് .ഭവനനിർമ്മാണം ഇപ്പോഴും പൂർത്തിയാകാതെ(ജനറൽ- 3 ,എസ്. സി- 2 )അവശേഷിക്കുന്നു. രണ്ടുവിഭാഗങ്ങളിലേയും പദ്ധതിപൂർത്തീകരണത്തിന് തൻവർഷം പ്രത്യേകം പ്രത്യേകം പദ്ധതി ഉൾപ്പെടുത്തിയിരുന്നു എങ്കിലും അവ നടപ്പിലാക്കിയില്ല. ചെലവാക്കിയ പദ്ധതിപ്പണം നഷ്ടമാകാതിരിക്കുന്നതിനും വീടില്ലാത്തവന് വീട് എന്നലക്ഷ്യം കൈവരിക്കുന്നതിനും പാതിവഴിയിൽ നിൽക്കുന്ന മേൽവീടുകളുടെ പണി പൂർത്തിയാക്കി താമസയോഗ്യമാക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തുനിന്നും എത്രയും പെട്ടെന്ന് നടപടി സ്വീകരിക്കേണ്ടതാണ്. പൂർത്തിയാകാത്ത വീടിന്റെ വിശദാംശം താഴെപ്പറയുന്നു:-

| ക്രമ നം | ഗുണഭോക്താക്കളുടെ പേര് | വിഭാഗം | എഗ്രിമെന്റ് വെച്ച തിയതി | കൈപ്പറ്റിയ തുക | ഡി.ഡി നം |
|---|---|---|---|---|---|
| 1 | മണി .പി.കെ. | ജനറൽ | 27.03.2010 | 21,200 | 224787/ 27.03.2010 |
| 2 | കെ.പി.പൗലോസ് | ജനറൽ | 30.03.2010 | 21,200<br>31500 | 224764/ 30.03.2010<br>86658/ 24.06.2010 |
| 3 | ആന്റണി. പി. വി. | ജനറൽ | 17.09.2010 | 22,500 | 87083/ 17.09.2010 |
| 4 | അമ്മിണി കുമാരൻ | എസ്.സി. | 29.11.2010 | 30,000<br>40,000 | 331493/ 29.11.2010<br>468373/ 12.01.2011 |
| 5 | കാളി അയ്യപ്പൻ | എസ്.സി. | 25.03.2011 | 30,000<br>40,000 | 504769/ 25.03.2011<br>318874/ 27.03.2012 |
| ആകെ | | | | 2,36,400 | |

## 3-2 തെരുവ് വിളക്ക് എം.എം.സി. പ്രൊജക്ട് - ഉപകരണങ്ങൾ വാങ്ങുന്നതിൽ പരിമിതപ്പെടുത്തി.

പ്രൊജക്ട് നം.- SO093

അടങ്കൽ - 2,00,000/-(തനത് ഫണ്ട്)

ചെലവ് - 1,72,700/-

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ മേൽ പ്രൊജക്ട്, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുന്നതുൾപ്പെടെ വാർഷിക അറ്റകുറ്റപ്പണി നടത്തുന്നതിനുള്ള കരാർ സർക്കാർ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിനെ ഏൽപ്പിക്കുന്നതിനായാണ് അംഗീകാരം വാങ്ങിയിരുന്നത്. എന്നാൽ സ്ഥാപനവുമായി 22.09.2015ൽ ഒപ്പു വെച്ച കരാർ, തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുവാൻ മാത്രമാണ്. മേൽ പദ്ധതി നടപ്പാക്കുന്നതിനായി പ്രസ്തുത സ്ഥാപനത്തിൽ നിന്നും 22.09.2015ലെ ഇൻവോയ്സ് നം. STL 148 പ്രകാരം 100 സിംഗിൾ ട്യൂബ് സെറ്റുകൾ വാങ്ങി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. 1,72,700/- രൂപ ചെലവിൽ ട്യൂബ് സെറ്റുകൾ വാങ്ങി തുക നൽകി പ്രൊജക്ട് പൂർത്തിയായതിനു ശേഷം പദ്ധതിയുടെ പേര് മാറ്റി തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങൽ എന്നാക്കി മാറ്റി അംഗീകാരം വാങ്ങുകയാണ് ചെയ്തിരിക്കുന്നത്. ഇതു സംബന്ധിച്ച് 29.12.2016ൽ നൽകിയ 5ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഉപകരണങ്ങൾ വാങ്ങിയതിനു ശേഷം AMC എടുക്കുവാൻ നിർവ്വാഹമില്ല എന്ന് സ്ഥാപനം അറിയച്ചതിനാലാണ് പ്രോജക്ട് പേരു മാറ്റി നടപ്പിലാക്കിയതെന്നാണ് പഞ്ചായത്ത് മറുപടി നൽകിയത്. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്കായി ഈ സാമ്പത്തിക വർഷത്തിൽ തുക ഒന്നും ചെലവഴിച്ചിട്ടില്ല എങ്കിലും ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിനായി അംഗീകാരം വാങ്ങിയ പ്രോജക്ട് പൂർത്തിയായ ശേഷം ഉപകരണങ്ങൾ വാങ്ങുന്നതിനായി പരിമിതപ്പെടുത്തി പേരു മാറ്റിയത് ശരിയായ കീഴ്‌വഴക്കമല്ല.

## 3-3 തെരുവ് വിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ 48,211/-രൂപയാണ് കെ എസ് ഇ ബി നൽകുന്ന ദ്വൈമാസ ബിൽ പ്രകാരം പഞ്ചായത്ത് അടവാക്കി വരുന്നത്. എന്നാൽ പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണം ,ഇനം എന്നിവ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ശരിയായ താരിഫ് പ്രകാരം തന്നെയാണോ വൈദ്യുതി ചാർജ്ജ് കണക്കാക്കിയിരിക്കുന്നത് എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ അവയുടെ എണ്ണം, ഇനം എന്നിവ ഉൾക്കൊള്ളുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്. 12.03.2013 ലെ സർക്കുലർ നം. 65529/ഡി സി 3/12 ത സ്വ ഭ വ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്. ആയതിനാൽ തുടർന്ന് തെരുവ് വിളക്കുകൾ സ്ഥാപിക്കുമ്പോൾ സർക്കുലറിലെ നിർദ്ദേശം പാലിക്കേണ്ടതുമാണ്.

## 3-4 കരാറുകാരന് , ആദ്യബില്ലിലെ പേയ്മെന്റ് കൺവീനർ എന്ന നിലയിൽ നല്കി-

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വില്ലേജോഫീസ്- വാര്യാരുപടി ലിങ്ക് റോഡ് മെറ്റലിംഗ്, |

| | |
|---|---|
| | ടാറിംഗ് |
| പ്രൊ.നമ്പർ | എസ് 90/16 |
| അടങ്കൽ തുക | 2,00,000 (തനത് ഫണ്ട്) |
| | 2,00,000 (മെയിന്റനൻസ് ഗ്രാന്റ് - റോഡ്) |
| | 4,00,000/- |
| കരാറുകാരന്റെ പേര് | ശ്രീ.ജോസ് പോൾ |
| എഗ്രിമെന്റ് നമ്പർ-തീയതി | 10/AE/LSGD/MD/15-16 23.09.15 |
| എഗ്രിമെന്റ് തുക | 3,98,882/- |
| എം- ബുക്ക് നമ്പർ | 18/2015-16 |
| കരാറുകാരന് നല്കിയ തുക | 2,14,053/-(ട്രഷറി ബിൽ നം. 57/15-16/ 26.3.16 ) |
| | 1,46,228/-(ചെക്ക് നം. 152622/ 02.05.2016) |
| | 3,60,281/- |

മൂടക്കുഴ ഗ്രാമപഞ്ചായത്തിൽ 2015-16 -വർഷത്തിലെ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയിരിക്കുന്ന വില്ലേജോഫീസ് - വാര്യാരുപടി ലിങ്ക് റോഡ് മെറ്റലിംഗ്, ടാറിംഗ് എന്ന പ്രൊജക്ട് ടെൻഡർ ചെയ്തത് ശ്രീ. ജോസ് പോൾ എന്നയാൾ കരാർ വെച്ച് ഏറ്റെടുത്ത് നടപ്പാക്കിയിരുന്നു. ഈ പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു:-

1. രണ്ട് പേരാണ് ടെൻഡർ നല്കിയതായി കാണുന്നത്. ശ്രീ. രഞ്ജൻ എന്നയാൾ സമർപ്പിച്ചത് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 5% അധികമായതിനാൽ അത് നിരസിക്കുകയും, ശ്രീ.ജോസ് പോൾ എന്നയാളുടെ ടെൻഡർ സ്വീകരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ശ്രീ. ജോസ് പോൾ സമർപ്പിച്ച ടെൻഡർ പ്രകാരം എസ്റ്റിമേറ്റ് നിരക്കിലാണ് പിന്നീടുള്ള പേയ്മെന്റുകൾ നല്കിയിരിക്കുന്നത്.

2. ആകെ പ്രവൃത്തിമൂല്യം 3,87,087/- രൂപയായിരുന്നു. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ 2,31,526/- രൂപയാണ് വകയിരുത്തിയിരിക്കുന്നത് എന്നതിനാൽ ആ തുകയിൽ പരിമിതപ്പെടുത്തിയാണ് Ist & Part Bill തുക നല്കിയത്. Ist & Part Bill തുക നല്കിയതിന്റെ വിവരം താഴെപ്പറയുന്നു.

| | | |
|---|---|---|
| പ്രവൃത്തിമൂല്യം | 3,87,087 | |
| പരിമിതപ്പെടുത്തിയത് | 2,31,526 | |
| VAT 5% x 218421 | 10,921 | (231526/1.06=218421) |
| IT 2% X 218421 | 4,368 | |
| KCWWF 1% X 218421 | 2,148 | |
| ആകെ കുറവ് വരുത്തുന്നത് | 17,473 | |
| കരാറുകാരന് നല്കിയത് | 2,14,053 | (231526-17543) |

ഇപ്രകാരം തുക നല്കിയിരിക്കുന്നത് പ്രവൃത്തിചെയ്തത് ഗുണഭോക്തൃസമിതി കൺവീനറാണ് എന്ന് കണക്കാക്കിയിട്ടാണ്. ഗുണഭോക്തൃസമിതിവഴി പ്രവൃത്തിചെയ്യുമ്പോൾ കൺവീനറിൽ നിന്ന് റിക്കവറികൾ നടത്തുന്നില്ല. ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ റിക്കവറിചെയ്യേണ്ടത്രയും ശതമാനം തുക (ഇവിടെ 6%) കൂട്ടി അതിൽനിന്ന് റിക്കവറി തുക കുറച്ച് പേയ്മെന്റ് നല്കുകയാണ് ചെയ്യുന്നത്. അതായത് പഞ്ചായത്ത് ആകെ

വകയിരുത്തിയിരിക്കുന്ന പ്രൊജക്റ്റ് അടങ്കലിൽ ടാക്സ് ഉൾപ്പെടെയുള്ള റിക്കവറി തുകയും ഉൾപ്പടുന്നതിനാൽ ആ അടങ്കലിൽ നിന്ന് തന്നെ നികുതികൾ അടഞ്ഞുപോകുന്നു. ആദായനികുതി 2% മാത്രമേ കൺവീനറിൽ നിന്ന് പിടിക്കുന്നുള്ളൂ. ഇവിടെ കരാറുകാരനാണ് പ്രവൃത്തി ചെയ്യുന്നത്. അതിനാൽ ടിയാളുടെ ബില്ലിൽ നിന്ന് തന്നെ നികുതി ഉൾപ്പെടെയുള്ള റിക്കവറികൾ നടത്തേണ്ടതായിരുന്നു. അത് പ്രകാരം താഴെപ്പറയുന്ന രീതിയിൽ വേണമായിരുന്നു തുക നൽകേണ്ടിയിരുന്നത്.

| | | |
|---|---|---|
| പ്രവൃത്തിമൂല്യം | 3,87,087 | |
| പരിമിതപ്പെടുത്തിയത് | 2,31,526 | (MG-Road) |
| VAT 4% x 231526 | 9,261 | Compounded @ 4% |
| IT 1% X 231526 | 2,315 | |
| KCWWF 1% X 231526 | 2,315 | |
| ആകെ കുറവ് വരുത്തുന്നത് | 13,891 | |
| കരാറുകാരന് നല്കേണ്ടിയിരുന്നത് | 2,17,635 | (231526-13,891) |

കരാറുകാരന് നല്കിയ തുക കണക്കാക്കുമ്പോൾ അധികതുക നല്കിയിട്ടില്ലെങ്കിലും, കൺവീനർ എന്നനിലയിൽ തുക നല്കിയപ്പോൾ നികുതി ഉൾപ്പെടെയുള്ള റിക്കവറികൾ പഞ്ചായത്ത് ഫണ്ടിൽ നിന്നാണ് പോയിരിക്കുന്നത്. അതായത് പഞ്ചായത്ത് ഫണ്ടിന് അധികബാദ്ധ്യത വന്നതായി കാണുന്നു. അതേസമയം IInd & Final Bill തുക നല്കിയത് കരാറുകാരൻ എന്ന നിലയിലുമാണ്.

IInd & Final Bill-വിശദാംശം

| | | |
|---|---|---|
| പ്രവൃത്തിമൂല്യം | 1,55,562 | |
| പരിമിതപ്പെടുത്തിയത് | - | |
| VAT 4% x 155562 | 6,222 | |
| IT 1% X 155562 | 1,556 | |
| KCWWF 1% X 155562 | 1,556 | |
| ആകെ കുറവ് വരുത്തുന്നത് | 9,334 | |
| കരാറുകാരന് നല്കിയത് | 1,46,228 | ചെക്ക് നം. 152622/ 02.05.2016) |

ഇപ്രകാരം രണ്ടുരീതിയിൽ തുക നല്കിയതിനും, മറ്റ് അപാകതകൾക്കും വിശദീകരണം നൽകേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ കരാറുകാരനെ കൺവീനർ എന്ന് തെറ്റിദ്ധരിച്ചാണ് ആദ്യ പേയ്മെന്റ് നല്കിയതെന്നും, ഫൈനൽ ബിൽ നല്കിയപ്പോൾ കരാറുകാരൻ എന്ന നിലയിൽ തന്നെയാണ് തുക നല്കിയതെന്നും വിശദീകരിച്ചിട്ടുണ്ട്.

ആകെ നല്കിയ തുക കണക്കാക്കുമ്പോൾ കരാറുകാരന് അധികതുക നല്കിയിട്ടില്ലെങ്കിലും, ആദ്യബില്ലിലെ പേയ്മെന്റ് കൺവീനർ എന്ന നിലയിൽ നല്കിയതുകൊണ്ട് ബില്ലിൽ നിന്ന് പിടിക്കേണ്ട VAT, KCWWF എന്നിവ പഞ്ചായത്തിന്റെ പദ്ധതിവിഹിതത്തിൽ നിന്ന് അടവാക്കിയിട്ടുണ്ട്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 3-5 ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

മുടക്കുഴ ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ 50%-ൽ അധികവും ഗുണഭോക്തൃസമിതി വഴി ചെയ്യുന്ന പ്രവൃത്തികളാണ്. വികേന്ദ്രീകൃതാസൂത്രണപദ്ധതിയുടെ

ആദ്യഘട്ടം മുതൽ ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്താനുള്ള ശ്രമങ്ങൾ സർക്കാർ സജീവമാക്കിയി രുന്നതിന്റെ ഒരു പ്രധാനകാരണം പ്രാദേശികവികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തം, ഉറപ്പാക്കാനും, അധിക വിഭവ സമാഹരണവും, സോഷ്യൽ മോണിറ്ററിങ്ങും, കാര്യക്ഷമമാക്കാനും അത് വഴിതെളിക്കും എന്നതാണ്.

1997-ലെ കേരള പഞ്ചായത്ത് രാജ്( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ, എന്നിവയിലൂടെ എപ്രകാരമാണ് ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, മുടക്കുഴ ഗ്രാമപഞ്ചായത്തിൽ, ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ട് എന്ന് പറയാനാവില്ല.

2015-16 വർഷത്തിൽ, കോൺക്രീറ്റ് റോഡുകൾ, കാനനിർമ്മാണം, റോഡ് ടാറിംഗ്, റീടാറിംഗ്, റീടെയിനിംഗ് വാൾ, കെട്ടിടനിർമ്മാണങ്ങൾ എന്നിവയാണ് തൻവർഷവും, സ്പിൽഓവറുമായി പ്രധാനമായി ചെയ്തിട്ടുള്ളത്. അവയുടെ നിർവ്വഹണത്തിൽ കണ്ട പ്രധാനഅപാകതകൾ താഴെപ്പറയുന്നു.

1.1997-ലെ കേരള പഞ്ചായത്ത് രാജ്( പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം,13-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, സമിതി രൂപീകരണം, പ്രവർത്തനം, സമിതി സൂക്ഷിക്കേണ്ടുന്ന രേഖകൾ എന്നിവ കൃത്യമായി പാലിക്കുന്നില്ല.

2. ഗുണഭോക്തൃസമിതി, കരാർ വെയ്ക്കുന്നുണ്ടെങ്കിലും, അത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. സമിതി അംഗങ്ങൾ എല്ലാവരും കരാറിൽ ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല.

3.കൺവീനറുടെയും, ചെയർമാന്റെയും, സംയുക്ത അക്കൗണ്ട് തുടങ്ങി വേണം പണമിടപാടുകൾ നടത്താൻ എന്ന നിർദ്ദേശവും കൃത്യമായി പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടതിനുശേഷം, ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് , അക്കൗണ്ടിൽ ബാക്കി തുക ഉണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

4. പ്രവൃത്തിക്കാവശ്യമായ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകളും, വിവരങ്ങളും രേഖപ്പെടുത്തിയതിലും, കൃത്യത പാലിച്ചിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തിഇനം ചെയ്യുന്നതിന് ആവശ്യമായി വരുന്ന മെറ്റീരിയൽസിന്റെ അളവും, കൺവീനർ ഫയലിനൊപ്പം ഇട്ടിരിക്കുന്ന പർച്ചേയ്സ് ബില്ലുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. ടാറിംഗ്-റീടാറിംഗ് വേലകളിൽ ഫയലുകൾക്കൊപ്പം ഒറിജിനൽ ബിറ്റുമെൻ പർച്ചേയ്സ് ബില്ലുകൾക്കു പകരം ഒരു കൈപ്പറ്റുരസീത് മാത്രമേ കാണുന്നുള്ളൂ. അതുപോലെ സിമന്റ്, കമ്പി എന്നിവ വാങ്ങിയതിന്റെ ബില്ലുകളും ഫയലിൽ ഇല്ല.

5. സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും, സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ നിരക്ക്, അളവ്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ല് , രസീത് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്, എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

6. നിലവിൽ 15,00,000/- രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുക്കാമെങ്കിലും, 'ടാറിംഗ്-റീടാറിംഗ്', പോലെ സാങ്കേതിക വൈദഗ്ധ്യവും, യന്ത്രസാമഗ്രികൾ ആവശ്യമായി വരുന്ന വേലകളും, കെട്ടിടനിർമ്മാണങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ, അതിനുള്ള ക്ഷമത പ്രസ്തുതഗുണഭോക്തൃസമിതികൾക്ക് ഉണ്ടോ എന്നത് നിർവ്വഹണഉദ്യോഗസ്ഥരും, ഗ്രാമ പഞ്ചായത്ത് സമിതിയും പ്രത്യേകം പരിഗണിക്കേണ്ടതാണ് പ്രവൃത്തികൾ യഥാർത്ഥ ഗുണഭോക്തൃസമിതി തന്നെയാണ് ചെയ്യുന്നത് എന്ന് ഉറപ്പുവരുത്താനുതകും.

23.09.1997 -ന്റെ 216/97/LAD 12.11.1997 -ന്റെ 254/97/LAD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5) വകുപ്പ് പ്രകാരം ബിനാമി ഇടപാട്

ശിക്ഷാർഹമായ കുറ്റമാണ്. ബിനാമി ഇടപാട് ഉണ്ടാവുകയാണെങ്കിൽ ഗുണഭോക്തൃസമിതിയുമായി വെച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് സമിതിയുടെ പേരിൽ ശിക്ഷാനടപടികൾ എടുക്കാവുന്നതുമാണ്.

ആയതിനാൽ, ഗുണഭോക്തൃസമിതി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർണ്ണമായോ, ഭാഗികമായോ ഏതെങ്കിലും കരാറുകാരനെയോ, കരാറുകാരുടെ കമ്പനിയെയോ ഏൽപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-6 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 വർഷം വിവിധ പദ്ധതികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച താഴെപ്പറയും പ്രകാരമുള്ള തുകകൾ വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രൊജക്റ്റിന്റെ പേര്/ പ്രൊ.നം | നിക്ഷേപിക്കപ്പെട്ട നിർവ്വഹണഏജൻസി | നിക്ഷേപിച്ച തുക | ഡി.ഡി. നം./ തീയതി. | നിർവ്വഹണോദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | കരുപ്പാക്കുന്ന് കുടിവെള്ള പദ്ധതി- വൈദ്യുതലൈൻ വലിക്കൽ S0168/16 | കെ.എസ്. ഇ.ബി അസി.എൻജിനീയർ കുറുപ്പംപടി സെക്ഷൻ | 68,720 | 148979/ 28.03.2016 | അസിസ്റ്റന്റ് എൻജിനീയർ, LSGD മുടക്കുഴ ഗ്രാമ പഞ്ചായത്ത് |
| 2 | മീഡിയാശ്രീ- S0143/16 | എക്സിക്യൂട്ടീവ് ഡയറക്ടർ കുടുംബശ്രീ സ്റ്റേറ്റ് മിഷൻ | 20,000<br>45,000<br>65,000 | 916384/ 22.2.16<br>916385/ 22.2.16 | അസിസ്റ്റന്റ് സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത് |
| 3 | സ്റ്റുഡന്റ്സ് ഹോസ്റ്റൽ- ജില്ലാ പഞ്ചായത്തിലേക്ക് TSP വിഹിതം നല്കൽ S038/16 | ജില്ലാപഞ്ചായത്ത് സെക്രട്ടറി എറണാകുളം | 2,000 | 146993/ 25.2.16 | അസിസ്റ്റന്റ് സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത് |
| 4 | ഐ.എ.വൈ- ബ്ലോക്ക് പഞ്ചായത്തിലേക്ക് SCP വിഹിതം നല്കൽ | സെക്രട്ടറി കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | 3,00,000 | 226627/ 3.10.15 | അസിസ്റ്റന്റ് സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത് |
| 5 | ഐ.എ.വൈ- ബ്ലോക്ക് പഞ്ചായത്തിലേക്ക് ജനറൽ വിഹിതം നല്കൽ | സെക്രട്ടറി കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് | 9,03,625 | 150326/4.4.16 | സെക്രട്ടറി മുടക്കുഴ ഗ്രാമ പഞ്ചായത്ത് |

| | | | | | |
|---|---|---|---|---|---|
| | | ആകെ | 13,39,345 | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,00,000 | എളമ്പകമ്പിള്ളി കുടിവെള്ള പദ്ധതി | 0 | 2,00,000 |
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,50,000 | ശാരീരിക/മാനസിക വെല്ലുവിളി നേരിട്ടുവന്നവർക്ക് സ്കോളർഷിപ്പ് | 1,50,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 564/2010/LSGD തീ.22.02.2010 | 40,22,000 | 18,91,963 | 16,48,820 | -- | 2,43,143 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2246/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 | 3-4 | 200 | ഡോ.ആശാലത വെറ്ററിനറി സർജൻ | 11501100177 തീ. 08.05.2015 |
| 2012-13 | 3-8 | 1,746 | ജോർജ്ജ് ജോസഫ് അസി.എൻജിനീയർ | 11501100262 തീ. 27.05.2015 |
| 2011-12 | 3-6 | 300 | ശ്രീലേഖ കൃഷിഓഫീസർ | 11501100425 തീ. 10.07.2015 |
| | ആകെ | 2,246 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 10 | 2003-04 | III (6)(7) Rs. 4,69,717 | അഡ്വാൻസുകൾ കൈപ്പറ്റിയിട്ട് വേല പൂർത്തീകരിക്കാത്ത കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക പലിശ സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 42-ാം റിപ്പോർട്ടിലെ ഖണ്ഡികകൾ 7(1)(2)(3)(4) ഒഴിവാക്കിയിട്ടുണ്ട്. |
| | | | | പുളിഞ്ചോട് വാട്ടർ സപ്ലൈ സ്കീം | |
| | | | | കൊക്കാമറ്റം കോളനി ടി.വി.ഷെഡ് | |
| | | | | ചൂണ്ടക്കുലി മുണ്ടപ്പിള്ളി | |

| | | | | | |
|---|---|---|---|---|---|
| | | | | റോഡ് | |
| | | | | തുരുത്തി ശ്മശാനം ഷെഡ് | |
| | | | | മില്ലുംപടി കനാൽബണ്ട് റോഡ് | ആർ.ആർ.നടപടി സ്വീകരിച്ചു. അതിനെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ കൺവീനർക്കെതിരെയുള്ള R.R നടപടികൾ റദ്ദ് ചെയ്ത് ഉത്തരവായിട്ടുണ്ട്. ജഡ്ജ്മെന്റിന്റെ പകർപ്പ് ലഭിച്ചിട്ടില്ല. |
| | | | | കണിച്ചപറമ്പ് കോളനി ടി.വി.ഷെഡ് | ആർ.ആർ.നടപടി സ്വീകരിച്ചു. തുടർ നടപടി അറിവായിട്ടില്ല. |
| | | | | ചെങ്ങശ്ശേരിക്കാവ് ചൂരമുടി റോഡ് | ആർ.ആർ.നടപടി സ്വീകരിച്ചു. അതിനെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്. കേരള ഹൈക്കോടതിയുടെ 04.01.2012-ലെ വിധിപ്രകാരം R.R നോട്ടീസ് റദ്ദ് ചെയ്തിട്ടുണ്ട്. |
| | | | | ചൂരമുടി ടി.വി.ഷെഡ് നിർമ്മാണം | പണി പൂർത്തീകരി ച്ചിട്ടുള്ളതാണ്. തുക ഈടാക്കുവാൻ നിർവ്വാഹമില്ലെന്ന് കാണിച്ച് R.R നോട്ടീസ് കളക്ടർ തിരിച്ചയച്ചു. |
| | | | | കൽക്കുട്ടം റോഡ് നിർമ്മാണം | ആർ.ആർ.നടപടി സ്വീകരിച്ചു. റോഡ് പണി പൂർത്തീകരി ച്ചിട്ടുള്ളതിനാലും, ഗുണഭോക്തൃ സമിതി കൺവീനർ മരിച്ചപോയതിനാലും തുടർനടപടി സ്വീകരിക്കേണ്ടതില്ലെന്ന് പഞ്ചായത്ത് കമ്മിറ്റി ഏകകണ്ഠമായി തീരുമാനിച്ച് ജില്ലാകളക്ടറെ അറിയിച്ചതിൻ പ്രകാരം കളക്ടർ R.R നടപടി |

| | | | | | |
|---|---|---|---|---|---|
| | | | | | നിർത്തിവെയ്ക്കാൻ കുന്നത്തുനാട് തഹസിൽദാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 3,70,78,902 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,30,02,854 |
| വരവിനങ്ങളിലുള്ള നഷ്ടം | 600 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,39,345 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 600 | --- | ബി.സുധീർ, സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 68,720 | ഗേളി മേരി ജോർജ്ജ്, അസി.എൻജിനീയർ |
| | 65,000 | കെ.എൻ രമേഷ്, അസി.സെക്രട്ടറി |
| | 2,000 | കെ.എൻ രമേഷ്, അസി.സെക്രട്ടറി |
| | 3,00,000 | കെ.എൻ രമേഷ്, അസി.സെക്രട്ടറി |
| | 9,03,625 | ബി.സുധീർ, സെക്രട്ടറി |
| ആകെ | 13,39,345 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും, ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.സുധീർ<br>സെക്രട്ടറി | സെക്രട്ടറി,<br>വാരപ്പെട്ടി ഗ്രാമപഞ്ചായത്ത് | ജീവാലയം(H),<br>തൃക്കളത്തൂർ(പി.ഒ)<br>എറണാകുളം ജില്ല-683557 |
| കെ.എൻ രമേഷ്<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>മുടക്കുഴ ഗ്രാമപഞ്ചായത്ത് | കോട്ടയംപുറത്ത് (H)<br>ഇരിങ്ങോൾ(പിഒ),<br>എറണാകുളം ജില്ല – 683548 |
| ഗേളി മേരി ജോർജ്ജ്<br>അസി.എൻജിനീയർ | അസി.എൻജിനീയർ<br>മുടക്കുഴ ഗ്രാമപഞ്ചായത്ത് | കായലപ്പറമ്പിൽ,<br>ചങ്ങനാശ്ശേരി<br>കോട്ടയം ജില്ല |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-1998 | കെ.എസ്.എ.-ഇ.കെ.എം.(പി2) 880/2015 തീയതി: 28.01.2016 |
| 1998-1999 | |
| 1999-2000 | |
| 2000-2001 | |
| 2001-2002 | |
| 2002-2003 | |
| 2003-2004 | |
| 2004-2005 | എൽ.എഫ്.ഇ.(പി2)-1301/10 തീയതി: 02.11.2011 |
| 2005-2006 | എൽ.എഫ്.ഇ.(പി2)-1302/10 തീയതി: 02.11.2011 |
| 2006-2007 | എൽ.എഫ്.ഇ.(പി2)-1303/10 തീയതി: 02.11.2011 |
| 2007-2008 മുതൽ | എൽ.എഫ്.ഇ.(പി2)-1137/12 തീയതി: 12.09.2012 |

| | |
|---|---|
| 2010-2011 വരെ | |
| 2011-2012 & 2012-2013 | എൽ.എഫ്.ഇ.(പി2)-1376/14 തീയതി: 17.10.2014 |
| 2013-14 & 2014-15 | കെ.എസ്.എ ഇ.കെ.എം(പി2) 1109/16 തീയതി.08.07.2016 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2015-16

നം.കെ.എസ്.എ.-ഇകെഎം(പി2)2245/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in

തീയതി : 10.01.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ

അഭിപ്രായത്തിൽ മുടക്കുഴ ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE – 2015-16

No.KSA-EKM(P.2)2245/2016

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 10.01.2017

Certified that I have audited the Annual Financial Statement of MUDAKKUZHA Grama Panchayat in Ernakulam District for the Financial Year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MUDAKKUZHA Grama Panchayat for the Financial Year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director (H.G.)